പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 906 — 20.3.2013 ന് മറുപടിയ്ക്ക്.

## കാസർകോട് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിൽ അനുവദിച്ച വനിതാ ഐ.ടി.ഐ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| കാസർകോട് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിൽ അനുവദിച്ച വനിത ഐ.ടി.ഐക്ക് നൃൂജനറേഷൻ കോഴ്സുകളും ഇതിനാവശ്യമായ കെട്ടിട സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്ത മാക്കാമോ? | ഐ.ടി.ഐ. ഇപ്പോൾ പ്രവർത്തിക്കുന്നത് പഞ്ചായത്ത് താല്ക്കാലികമായി വിട്ടു നൽകിയ കെട്ടിടത്തിലാണ്. ടി കെട്ടിടത്തിന്റെ പരിമിതമായ സൗകര്യങ്ങൾ കണക്കിലെടുത്ത് അനുവദിച്ച മൂന്ന് ട്രേഡുകളിൽ ദ്വിവത്സര ട്രേഡായ ഡ്രാഫ്റ്റ്സ്മാൻ സിവിലിന്റെ ഒരു യൂണിറ്റിൽ മാത്രമേ ട്രെയിനികളെ പ്രവേശിപ്പിച്ചിട്ടുള്ളൂ. വനിതകൾക്ക് തൊഴിൽ സാധ്യത കൂടുതൽ ഉള്ള ഡസ്ക് ടോപ്പ് പബ്ലിഷിംഗ്, ഫാഷൻ ടെക്നോളജി എന്നീ ട്രേഡുകളുടെ രണ്ട് യൂണിറ്റു വീതം അനുവദിച്ചിട്ടുണ്ട്. ഇവയിൽ 2013 ആഗസ്റ്റ് മാസം ആരംഭിക്കുന്ന പരിശീലന വർഷം പ്രവേശനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.ടി.ഐ.ക്ക് ആവശ്യമായ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി നൽകാമെന്ന ഗ്രാമപഞ്ചായത്തിന്റെ ഉറപ്പിന്മേലാണ് ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ടി വാഗ്ദാന പ്രകാരം സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് മറ്റു വികസന പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കാനാകും. |

8

സെക്ഷൻ ഓഫീസർ